**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ, ഹരിത വി കുമാർ ഐ എ എസ്)**

**വിഷയം:-** വനിത ശിശു വികസന വകുപ്പ് –പോഷകബാല്യം പദ്ധതിയുടെ ഇംപാക്റ്റ് സ്റ്റഡിയ്ക്കായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ- നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**പരാമർശം:**

1. 30.05.2022 ലെ സ.ഉ.(സാധാ) 288/2022 WCDD,289/2022 WCDD നമ്പർ ഉത്തരവുകൾ
2. 04.06.2023 ലെ സ.ഉ.(സാധാ) 344/2023 WCDD,345/2023 WCDD നമ്പർ ഉത്തരവുകൾ
3. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ 07.05.2024 ലെ പ്രൊപ്പോസൽ.
4. 22.07.2024 ലെ GO(Rt).259/2024/WCDDനമ്പർ സർക്കാർ ഉത്തരവ്.
5. ധാരണാപത്രം തീയതി....07.10.2024....

**<u>ഉത്തരവ് നം. DWCD/5136/2023-ICDSB1 തീയതി: 08-10-2024</u>**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന പദ്ധതി സംസ്ഥാന സർക്കാർ 2022-23-ൽ ആരംഭിക്കുകയും പ്രസ്തുത സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം ഭരണാനുമതി ലഭിക്കുകയുമുണ്ടായി.

2023-24 സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 6350.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതി ആരംഭിച്ച 3 മാസത്തിനു ശേഷം കുട്ടികളുടെ പോഷണനിലവാരത്തിലുണ്ടായ മാറ്റം (reduction in prevalence of stunting,wasting and under weight) സംബന്ധിച്ച് ഇംപാക്റ്റ് സ്റ്റഡി നടത്തണമെന്ന ഉപാധിയോടെ പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

പോഷകബാല്യം പദ്ധതിയുടെ ഇംപാക്റ്റ് സ്റ്റഡി നടത്തുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ 4,89,900/- രൂപയുടെ പ്രൊപ്പോസലിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിച്ച് പരാമർശം (4) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ കുട്ടികളുടെ പോഷണനിലവാരത്തിലുണ്ടായ മാറ്റം (reduction in prevalence of stunting, wasting and under weight) സംബന്ധിച്ച് പഠനം നടത്തുന്നതിനു സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, പഠനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ടുള്ള ധാരണ പത്രം പ്രകാരം വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

Signed by
Haritha V Kumar
Date: 09-10-2024 12:56:48

വനിതാ ശിശു വികസനവകുപ്പ് ഡയറക്ടർ

സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെൻ്റർ